ദോഷകരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നല്കുന്ന സബ്സിഡിയും റേഷൻ അല്ലാത്ത മറ്റു നിത്യോപയോഗ സാധനങ്ങൾ വിൽക്കാനുള്ള അനുമതിയും ഇവർക്ക് ആശ്വാസമാവും എന്നു കരുതുന്നു.

(ജി) സംസ്ഥാനത്ത് 42% കുടുംബങ്ങളെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തയ്യാറാക്കപ്പെട്ട ലിസ്റ്റുകൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് 25% കുടുംബങ്ങളെ മാത്രമാണ്. അവർക്ക് നല്കാനുള്ള അരി മാത്രമാണ് സബ്സിഡിയോടെ കേരളത്തിന് ലഭിക്കുന്നത്. ബാക്കിയുള്ള 17% കുടുംബങ്ങൾക്ക് പകുതി വിലയ്ക്ക് പ്രതിമാസം 20 കിലോ അരി വീതം നല്കുന്നതിന്റെ അധിക സാമ്പത്തിക ഭാരം പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിനാണ്.

(എച്ച്) ഉണ്ട്. സംസ്ഥാന ഭക്ഷ്യമന്ത്രിയും മുഖ്യമന്ത്രി നേരിട്ടും കേന്ദ്ര മന്ത്രിമാർക്കും പ്രധാനമന്ത്രിക്കും നിരവധി സന്ദേശങ്ങളും കത്തുകളും അയയ്ക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെ സംസ്ഥാനത്ത് നിന്നുള്ള അഖിലകക്ഷി സംഘം പാർലമെന്റിന് മുന്നിൽ ഏപ്രിൽ 18ന് ധർണ നടത്തുകയും പ്രധാനമന്ത്രിയെക്കണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തു. വില കുറയ്ക്കുന്ന കാര്യത്തിൽ കേന്ദ്ര സമീപനം അനുകൂലമല്ല.

ആഗോളവത്കരണത്തിന്റെ ഫലമായി സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ

24 (*24) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റേയും ഫലമായി സംസ്ഥാനം നേരിടേണ്ടിതായി വരുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു ;

(സി) ഈ പദ്ധതികൾ മുഖേന ആഗോളവത്കരണത്തിന്റേയും ഉദാരവത്കരണത്തിന്റേയും ഫലമായി സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്ക് എത്രമാത്രം പരിഹാരമുണ്ടാക്കുവാനായി എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കാർഷിക ഉല്പന്നങ്ങളുടെ സ്വതന്ത്ര ഇറക്കുമതി അനുവദിക്കുക വഴി സംസ്ഥാനത്തിന്റെ കാർഷിക മേഖല മൊത്തത്തിൽ വിലത്തകർച്ചയുടെ ഭീഷണിയിലാണ്. റബ്ബറിന്റെയും നാളീകേരത്തിന്റേയും ഇറക്കുമതി അടുത്ത വർഷം സ്വതന്ത്രവത്കരിക്കപ്പെടുന്നതോടുകൂടി സ്ഥിതി കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

സങ്കീർണ്ണമാകും. ഇതുമൂലം വരുമാനത്തിൽ കുറവുണ്ടാകുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

(ബി) കാർഷിക ഉത്പന്നങ്ങളുടെ വിലത്തകർച്ച തടയുന്നതിനു വേണ്ടി റബ്ബർ, കൊപ്ര എന്നീ പ്രധാന കാർഷിക വിളകൾക്ക് താങ്ങുവില ഏർപ്പെടുത്തുക വഴി വില തകർച്ച പിടിച്ചു നിറുത്തുന്നതിനു സാധിച്ചിട്ടുണ്ട്. കൂടാതെ ദീർഘകാലാടിസ്ഥാനത്തിലുള്ള സമയബന്ധിതമായ കർമ്മ പരിപാടികളിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിയുകയുള്ളു. ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനും സംസ്ഥാന ഗവൺമെന്റിനെ സമയാസമയത്ത് ഉപദേശിക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റിയും ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹായം നല്കുന്നതിന് വിവിധ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശുപാർശകൾക്കനുസരിച്ച് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. സംസ്ഥാനത്തെ ഉല്പന്നങ്ങൾ നേരിടുന്ന പ്രത്യേക പ്രശ്നത്തിൽ ബന്ധപ്പെട്ട ഇറക്കുമതി തീരുവകൾ ഉയർത്തികൊണ്ട് സംരക്ഷിക്കേണ്ടതാണെന്ന് നിരന്തരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ നല്കി വരുന്നുണ്ട്. കൂടാതെ തകർച്ച നേരിടുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി പ്രധാന കാർഷിക വിളകളായ അടക്ക, ഏലം, കുരുമുളക്, ഗ്രാമ്പൂ, ജാതിക്കാ, കച്ചോലം, മഞ്ഞൾ, കാപ്പി എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നികുതി കുറയ്ക്കുകയും റബ്ബറിന് പർച്ചേഴ്സ് ടാക്സ് ഇനത്തിൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന മാനിച്ച് നമ്മുടെ പ്രമുഖ വിളകളായ നാളികേരവും റബ്ബറും സ്വതന്ത്ര ഇറക്കുമതി പട്ടികയിൽ നിന്നും ഒരു വർഷത്തേയ്ക്ക് കൂടി ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച തർക്കം പരിഹരിക്കാൻ നടപടി

25 (*25) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. സി. കെ. രാജേന്ദ്രൻ:
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച തർക്കം പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വച്ചുവോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്നുള്ള നിർദ്ദേശത്തിൻമേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly